**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2369** **12-02-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകളിലെ ഫോർട്ടിഫൈഡ് അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻകടകൾ വഴി ഇപ്പോൾ വിതരണം ചെയ്യുന്ന പച്ചരി, പുഴുക്കലരി, സി.എം.ആർ (മട്ട) എന്നിവയെല്ലാം ഫോർട്ടിഫൈഡ് റൈസ് ആണോ; എന്നു മുതലാണ് ഫോർട്ടിഫൈഡ് റൈസ് വിതരണം ആരംഭിച്ചത്; എന്നു മുതലാണ് പൂർണതോതിലായത്; | (എ) | സംസ്ഥാനത്തെ റേഷൻ കടകൾ വഴി ഇപ്പോൾ വിതരണം ചെയ്യുന്ന പച്ചരി, പുഴുക്കലരി, സി.എം.ആർ (മട്ട) എന്നിവ ഫോർട്ടിഫൈഡ് ആണ്. എന്നാൽ നിലവിൽ എഫ്.സി.ഐ യിൽ നിന്നും നോൺ ഫോർട്ടിഫൈഡ് പച്ചരി, പുഴുക്കലരി എന്നിവ നൽകുന്നത് കൊണ്ട് ആയതും ഇപ്പോൾ റേഷൻ കടകൾ വഴി നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് ഫോർട്ടിഫൈഡ് അരി വിതരണം ആരംഭിച്ചത് 2022 ആഗസ്റ്റിലാണ്. 2023 ജൂൺ മാസത്തോടു കൂടി എല്ലാ ജില്ലകളിലും ഫോർട്ടിഫൈഡ് അരി വിതരണം നടന്നു വരുന്നു. |
| (ബി) | എത്ര കിലോ ഫോർട്ടിഫൈഡ് റൈസ് ആണ് ഇതുവരെ സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾക്കു വിതരണം ചെയ്തത്; ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം താലൂക്കുകളിലാണ് ഫോർട്ടിഫൈഡ് റൈസിന്റെ വിതരണത്തിന് ഇപ്പോഴും ഇളവുകൾ നൽകിയിട്ടുള്ളത്; ഫോർട്ടിഫൈഡ് അല്ലാത്ത റൈസ് വിതരണം ഇപ്പോൾ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം താലൂക്കുകളിലാണ് ഉള്ളത്; | (ബി) | സംസ്ഥാനത്ത് 2023 ഡിസംബർ വരെ ആകെ 3,14,412.111 MT ഫോർട്ടിഫൈഡ് അരിയാണ് റേഷൻ കട വഴി വിതരണം ചെയ്തത്. ഫോർട്ടിഫൈഡ് അരിയുടെ വിതരണവുമായി ബന്ധപ്പെട്ട് ഒരു താലൂക്കിനും ഇളവുകൾ നൽകിയിട്ടില്ല. എഫ്.സി.ഐ യിൽ നിന്നും ഇപ്പോഴും നോൺ ഫോർട്ടിഫൈഡ് അരി അനുവദിക്കുന്നതിനാൽ എല്ലാ താലൂക്കുകളിലും ആയത് വിതരണം നടത്തുന്നുണ്ട്. |
| (സി) | വയനാട് ജില്ലയിൽ അരിവാൾ രോഗം ഉൾപ്പെടെയുള്ള കാരണങ്ങൾ മുൻനിർത്തി പട്ടികവർഗ വിഭാഗങ്ങൾക്ക് ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യുന്നത് ഒഴിവാക്കണമെന്ന് ഏതെങ്കിലും ജനപ്രതിനിധി ആവശ്യപ്പെട്ടിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ജില്ലയിൽ ഫോർട്ടിഫൈഡ് അല്ലാത്ത അരി വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിലായി എത്ര റേഷൻ കാർഡ് ഉടമകൾക്കാണ് 2023 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ ഇത്തരം അരി വിതരണം ചെയ്തത്; | (സി) | വയനാട് ജില്ലയിൽ ഫോർട്ടിഫൈഡ് അരി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനെതിരെ ജനപ്രതിനിധികളിൽ നിന്നടക്കം നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. എഫ്.സി.ഐ യിൽ നിന്നും ഇപ്പോഴും നോൺ ഫോർട്ടിഫൈഡ് അരി അനുവദിക്കുന്നതിനാൽ എല്ലാ താലൂക്കുകളിലും ആയത് വിതരണം നടത്തുന്നുണ്ട്. റേഷൻ കാർഡ് തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് എത്ര റേഷൻ കടകളിലായി ഫോർട്ടിഫൈഡ് അല്ലാത്ത എത്ര കിലോ അരി | (ഡി) | സംസ്ഥാനത്തെ റേഷൻ കടകളിൽ നോൺ |

| | | | |
|---|---|---|---|
| | ഇനിയും വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നുണ്ട്; ഇതിൽ പച്ചരി, പുഴുക്കലരി, സി.എം.ആർ (മട്ട) എന്നിവ എത്ര കിലോഗ്രാം വീതമാണ് ഉള്ളത്; ഇത്തരം സ്റ്റോക്കെടുപ്പും കണക്കെടുപ്പും ഭക്ഷ്യപൊതുവിതരണ വകുപ്പ് നടത്തുന്നുണ്ടോ; | | ഫോർട്ടിഫൈഡ് അരി ദീർഘകാലമായി കെട്ടികിടക്കുന്നില്ല. നിലവിലുള്ള സ്റ്റോക്ക് തീരുന്ന മുറക്ക് എഫ്.സി.ഐയിൽ നിന്നും ഇപ്പോഴും നോൺ ഫോർട്ടിഫൈഡ് അരി വിതരണത്തിനായി നൽകി വരുന്നുണ്ട്. അതിനാൽ എല്ലാ റേഷൻ കടകളിലും നോൺ ഫോർട്ടിഫൈഡ് അരിയുടെ സ്റ്റോക്ക് ഉള്ളതും ആയത് വിതരണം ചെയ്യുന്നുമുണ്ട്. അതിനാൽ റേഷൻ കടങ്ങളിൽ വിതരണം ചെയ്യാതെ കിടക്കുന്ന നോൺ ഫോർട്ടിഫൈഡ് അരിയുടെ സ്റ്റോക്ക് തിട്ടപ്പെടുത്തുക സാദ്ധ്യമല്ല. |
| (ഇ) | ഫോർട്ടിഫൈഡ് അല്ലാത്ത റൈസ് റേഷൻ കടകളിലൂടെ തുടർന്നും വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നിർദേശം ഭക്ഷ്യപൊതുവിതരണ വകുപ്പ് നൽകിയിട്ടുണ്ടോ; നിലവിൽ സംസ്ഥാനത്ത് പച്ചരി, പുഴുക്കലരി, സി.എം.ആർ (മട്ട) എന്നിവ ഫോർട്ടിഫൈഡ് ആയും അല്ലാതെയും വിതരണം ചെയ്യുന്ന റേഷൻ കടകൾ ഉണ്ടോ; ഇങ്ങനെ ആറു തരം അരി റേഷൻ കടകളിലൂടെ പ്രത്യേക ബിൽ ആയി നൽകാൻ നിർദേശമുണ്ടോ? | (ഇ) | 2024 മാർച്ച് മാസത്തോടുകൂടി റേഷൻ കടകളിലെ നോൺ ഫോർട്ടിഫൈഡ് അരി വിതരണം ചെയ്ത് തീർക്കണമെന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ എഫ്.സി.ഐ യിൽ നിന്നും നോൺ ഫോർട്ടിഫൈഡ് അരി ലഭിച്ചു കൊണ്ടിരിക്കുന്നതുകൊണ്ട് തുടർന്നുള്ള മാസങ്ങളിലും റേഷൻ കട മുഖേന ഫോർട്ടിഫൈഡ് അരിയോടൊപ്പം നോൺ ഫോർട്ടിഫൈഡ് അരിയും വിതരണം ചെയ്യേണ്ടി വരും. ഫോർട്ടിഫൈഡ്/നോൺ ഫോർട്ടിഫൈഡ് അരി വില്പന നടത്തുന്നത് ഒരു ബില്ലിൽ തന്നെയാണ് രേഖപ്പെടുത്തി നൽകുന്നത്. |

സെക്ഷൻ ഓഫീസർ